(സി) ഇപ്പോഴത്തെ സംവിധാനത്തിൽ ഒരു മാറ്റം വരുത്തേണ്ട സാഹചര്യമുള്ളതായി ഗവൺമെന്റു കരുതുന്നില്ല.

കേരളത്തിനകത്ത് ഉൽപാദിപ്പിക്കപ്പെടുന്ന വ്യവസായോൽപന്നങ്ങൾ

* 43 [70] ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന വ്യവസായോൽപ്പന്നങ്ങൾക്ക് പ്രയർ പ്രിഫറൻസ് കൊടുക്കുന്നതിന് സ്റ്റേറ്റ് സ് പർച്ചേഴ്സ് റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും അർദ്ധ ഗവൺമെന്റ് സ്ഥാപനങ്ങളും എത്ര ശതമാനം വില കൂടുതൽ കൊടുത്തു കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വാങ്ങണമെന്നാണ് തീരുമാനം.

(സി) ഈ തീരുമാനം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ടോ ഇല്ലെങ്കിൽ എന്നു മുതൽ നടപ്പാക്കും ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) കേരളത്തിലെ ചെറുകിട വ്യവസായോൽപ്പന്നങ്ങൾക്ക് പ്രൈസ് (പ്രയർ അല്ല) പ്രിഫറൻസ് കൊടുക്കുന്നതിനും സ്റ്റേറ്റ് സ് പർച്ചേഴ്സ് റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) കേരളത്തിലെ ചെറുകിട വ്യവസായോൽപ്പന്നങ്ങൾക്ക് ഇതര സംസ്ഥാനങ്ങളിലെ ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളെക്കാൾ 15 ശതമാനം വിലക്കൂടുതൽ കൊടുക്കാമെന്നാണ് നിർദ്ദേശം.

(സി) ഈ തീരുമാനം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്.

ജയിൽ വാർഡർമാരുടെ ഡ്യൂട്ടി സമയം

* 44. [71] ശ്രീ. എസ്. ദാമോദരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ജയിൽ വാർഡർമാർ അവർക്ക് നിശ്ചയിച്ചിട്ടുള്ളതിൽ കൂടുതൽ സമയം സാധാരണയായി ഡ്യൂട്ടി നോക്കേണ്ടിവരുന്നുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്രമപ്രകാരം അവർക്ക് ലഭിക്കേണ്ട അവധി മിക്കവാറും ലഭിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് അടിയന്തിരമായി പരിശോധിച്ച് വേണ്ട സത്വരനടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഉണ്ട്.

(ബി) ഇല്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ എല്ലാവർക്കും ഒരുപോലെ അവധി അനുവദിക്കാൻ സൗകര്യമായെന്നുവരില്ല. എന്നാൽ മിക്കവാറും അർഹമായ കാര്യത്തിൽ ജോലിക്ക് വീഴ്ചതട്ടാതെയും അപേക്ഷകരുടെ ആവശ്യം പരിഗണിച്ചും അവധി അനുവദിക്കാറുണ്ട്.

(സി) ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly